# ആശയവിനിമയ പാടവം

സഭാംഗങ്ങളുടെ പ്രവൃത്തികൾ ലക്ഷ്യം കാണേണ്ടതിനുള്ള നിർവ്വഹണത്തിൽ സഭാദ്ധ്യക്ഷന്മാർക്കു എന്തുപകരണങ്ങളാണ് ഉള്ളത്? തീർച്ചയായും, അവർക്കു അവരുടേതായ വ്യക്തിത്വങ്ങളും സ്വഭാവങ്ങളും ഉണ്ട്; അവർ ആയിരിക്കേണ്ടതുപോലെ ആയാൽ, സഭ സന്തോഷത്തോടെ അവരെ പിൻപറ്റും. അതിനപ്പുറമായി, അവർക്ക് എന്തു ചെയ്യുവാൻ കഴിയും? അവർക്കു ശക്തി ചെലുത്താമോ? അവരുടെ ശമ്പളം പിടിച്ചു വെക്കാമോ? അവരെ ശിക്ഷിക്കാമോ? തീർച്ചയായും പാടില്ല. അവരുടേതായ മാതൃകാ ശക്തിയല്ലാതെ, അക്ഷരാർത്ഥത്തിൽ സഭാദ്ധ്യക്ഷന്മാർക്കു കർത്താവിന്റെ സഭയെ നയിക്കുവാൻ ഉള്ള ഏകവഴി ആശയ വിനിമയം നടത്തുവാനുള്ള അവരുടെ കഴിവാണ്. അവരുടെ ആശയ വിനിമയം നന്നായിരുന്നാൽ, സഭ ഐകമത്യപ്പെട്ടു വളരും; അവരുടെ ആശയവിനിമയം മോശമായാൽ, സഭയിൽ പ്രശ്നങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്.

സഭാദ്ധ്യക്ഷന്മാർക്കു ഏതു തരത്തിലുള്ള ആശയ വിനിമയ നിപുണതകളാണ് വേണ്ടത്? ഈ പാഠത്തിൽ മൂന്നെണ്ണം വിവരിക്കുന്നു: ശ്രദ്ധിക്കൽ, ചർച്ചചെയ്യൽ, കൂടാതെ പരസ്യമായ ആശയവിനിമയം.

### ശ്രദ്ധിക്കുന്ന പാടവങ്ങൾ

*സഭാദ്ധ്യക്ഷന്മാർക്കുണ്ടാകേണ്ട ഏറ്റവും പ്രധാനപ്പെട്ട ആശയ വിനിമയ പാടവം നന്നായി ശ്രദ്ധിക്കുവാനുള്ള കഴിവാണ്.* ആശയവിനിമയം എന്നതു രണ്ടു - വഴിയുള്ള തെരുവാണെന്നു സഭാദ്ധ്യക്ഷന്മാർ ചിലപ്പോൾ മറക്കുന്നു. അവർ ഏകഭാഷപോലെ മാത്രമാണ് അതിനെ കാണുന്നത്: അവർ സംസാരിക്കും, അവരുടെ അനുയായികൾ ശ്രദ്ധിക്കും; അവർ കല്പിക്കും, അവരുടെ അനുയായികൾ അനുസരിക്കും.

എങ്ങനെയായാലും, സഭയുടെ നേതൃത്വ സ്വഭാവം ഉള്ളതിനാൽ, അവർ തങ്ങളുടെ അനുയായികൾ പറയുന്നതു ശ്രദ്ധിക്കുവാൻ കടപ്പെട്ടിരിക്കുന്നു. ഇടയൻ ആടുകളെ അല്ലെങ്കിൽ രക്ഷകർത്താവു കുട്ടിയെ ശ്രദ്ധിക്കുന്നതുപോലെ, സഭാദ്ധ്യക്ഷൻ സഭാംഗങ്ങളെ ശ്രദ്ധിച്ചു

കേൾക്കണം. നന്നായി ശ്രദ്ധിക്കുവാൻ എന്താണ് ആവശ്യം?

*നല്ല കേൾവിക്കാരൻ സംസാരിക്കുന്നതു ശ്രദ്ധിക്കും.* അദ്ധ്യക്ഷൻ സംസാരിക്കുന്ന വ്യക്തിയെ ശ്രദ്ധിക്കയും, പറയുന്ന കാര്യത്തിൽ നിന്നു ശ്രദ്ധ മാറാതിരിക്കയും വേണം.

*നല്ല കേൾവിക്കാരൻ തിരിച്ചു നല്കുന്നവനാണ്.* അദ്ധ്യക്ഷൻ ശ്രദ്ധിക്കുന്നുണ്ടോ എന്നു സംസാരിക്കുന്ന ആൾ അറിയുവാൻ താല്പര്യപ്പെടും – അതായതു പറഞ്ഞതു അയാൾ വാസ്തവത്തിൽ കേട്ടോ എന്നു അറിയണം. താൻ ശ്രദ്ധിക്കുന്നുണ്ടെന്നു സഭാദ്ധ്യക്ഷന്മാർ കേൾക്കുന്ന വിധത്തിലോ അല്ലെങ്കിൽ കാണുന്ന വിധത്തിലോ സൂചന നല്കണം.

*നല്ല കേൾവിക്കാരൻ താൻ മനസ്സിലാക്കുന്നുണ്ട് എന്നുറപ്പു വരുത്തും.* മനസ്സിലാക്കുക എന്ന ലക്ഷ്യത്തോടെ വേണം അദ്ധ്യക്ഷൻ ശ്രദ്ധിക്കുവാൻ. അതിനർത്ഥം അയാൾ മറ്റൊരാളുടെ വ്യക്തിത്വവുമായി താദാത്മ്യം പ്രാപിച്ചു, കാര്യം മറ്റൊരാളുടെ കാഴ്ച്ചപ്പാടിൽ നോക്കി കാണാൻ ശ്രമിക്കണം. സംസാരിക്കുന്ന ആളിൽ തെറ്റു കണ്ടെത്തുവാനോ എതിർക്കുവാനോ മാത്രം ആയിരിക്കരുത് ഒരു അദ്ധ്യക്ഷൻ ശ്രദ്ധിക്കേണ്ടത്. സംഭാഷണത്തിൽ തന്നെ വളർത്തുക എന്ന ലക്ഷ്യത്തോടെയും അയാൾ ശ്രദ്ധിക്കരുത്.

*ഒരു നല്ല ശ്രോതാവു കേൾക്കുന്നതു പ്രതിഫലിപ്പിക്കും.* കേൾക്കുന്ന ആൾ മറ്റേ ആളുടെ ആശയം പ്രതിഫലിപ്പിക്കുന്നു എങ്കിൽ, അതു പറഞ്ഞ കാര്യം മനസ്സിലാക്കി എന്നുറപ്പിക്കുകയാണ്. അയാൾ പറഞ്ഞേക്കാം, “നിങ്ങൾ പറഞ്ഞതു, ഞാൻ ശരിയായിട്ടാണ് കേട്ടതെങ്കിൽ ...”; “നിങ്ങൾ വാസ്തവത്തിൽ വിചാരിക്കുന്നത് ...”; അല്ലെങ്കിൽ “നിങ്ങൾ പറഞ്ഞപ്പോൾ ഞാൻ ശരിയായിട്ടാണോ മനസ്സിലാക്കിയത് ...?”

*നല്ല കേൾവിക്കാരൻ ചോദ്യങ്ങൾ ചോദിക്കും.* എങ്ങനെ ചോദ്യം ചോദിക്കണമെന്ന കാര്യത്തിൽ അദ്ധ്യക്ഷൻ പ്രത്യേകമായി ശ്രദ്ധിക്കണം – സൗമ്യമായി, ശ്രദ്ധയോടെ, നയത്തോടെ ആയിരിക്കണം, അല്ലാതെ “പോയിന്റുകൾ ഉണ്ടാക്കുവാൻ,” ആയിരിക്കരുത് എന്നാൽ വ്യക്തമാക്കലിനായിരിക്കണം. എന്നിരുന്നാലും, അയാൾ അടിക്കടി ചോദിച്ചുകൊണ്ടിരിക്കണം. വ്യക്തമാക്കലിനായി ചോദിക്കുമ്പോൾ, സംസാരിക്കുന്ന വ്യക്തിയിൽ അയാൾക്ക് താല്പര്യമുണ്ടെന്നു കാണിക്കയും, അയാൾക്ക് കൂടുതൽ നന്നായി മനസ്സിലാകുകയും ചെയ്യും.

*എങ്ങനെ ചുരുക്കി പറയാമെന്നു നല്ല ശ്രോതാവിനറിയാം.* വസ്തുതകൾ നേരെയാക്കുന്നതിനു, അദ്ധ്യക്ഷൻ മുഖ്യ പോയിന്റുകളും ആ പോയിന്റുകൾക്കുള്ള കാരണങ്ങൾ തന്നിരിക്കുന്നതും നോക്കണം. സംഭാഷണം അതിന്റെ അവസാനം ചുരുക്കിയാലും ഇല്ലെങ്കിലും, അയാളുടെ ഉള്ളിൽ ആ മുഖ്യ ആശയങ്ങൾ ഉണ്ടാകേണ്ടതു ആവശ്യമാണ്.

*അയാൾ തീരുമാനം നീട്ടിവെക്കും.* സംസാരിക്കുന്ന ആൾ പറഞ്ഞു തീരുന്നതിനു വരെയും, സംസാരിക്കുന്ന ആളെ മനസ്സിലാക്കി എന്നുറപ്പാക്കുന്നതുവരെയും, എല്ലാ വസ്തുതകളും തനിക്കു കിട്ടി എന്നും ഉറപ്പാക്കുന്നതുവരെയും അദ്ധ്യക്ഷൻ ഒരാൾ പറയുന്നത് നല്ലതാണെന്നോ അല്ലെങ്കിൽ മോശമാണെന്നോ തീരുമാനിച്ചു കളയരുത് (ഒരാൾ പറയു

ന്നതിൽ ആവശ്യമായ എല്ലാ വസ്തുതകളും അടങ്ങിയിരിക്കണമെന്നില്ല). ചിലപ്പോൾ ആളുകൾ പറയുന്നതിന്റെ ആദ്യ ഭാഗം കേൾക്കുകയും, പറഞ്ഞു കേട്ടതനുസരിച്ചു ആ ആശയത്തെ എതിർക്കുകയും, പറയുന്ന ആളുടെ ആശയങ്ങൾ മുഴുവൻ കേൾക്കാൻ കഴിയാതെയും വരും.

*വികാര പ്രകടനങ്ങളെ അയാൾ ശ്രദ്ധിക്കണം.* മറ്റൊരാൾ പറയുന്നതു മുഴുവൻ അദ്ധ്യക്ഷൻ ശ്രദ്ധിച്ചു കേൾക്കുകയും അതിൽ നിന്നു കൂടുതൽ വായിക്കാതിരിക്കയും വേണം. പ്രത്യേകിച്ച് സംസാരിക്കുന്ന ആളുടെ ലക്ഷ്യത്തെ വിധിക്കുന്നതു ഒഴിവാക്കണം. അവന് വാക്കുകളും, പ്രയോഗങ്ങളും പ്രാസംഗികന്റെ വികാരങ്ങളും മനസ്സിലാക്കുവാൻ കഴിയണം. ഒരർത്ഥത്തിൽ, പറയാത്തത് ശ്രദ്ധിക്കുവാനും അയാൾക്കു കഴിയണം. കുറച്ചു കാഴ്ചപ്പാടുള്ള സംസാരിക്കുന്ന ആൾ എന്തെങ്കിലും നിസാരമായതാകാം പറയുന്നത്, എന്നാൽ ഒരു കേൾവിക്കാരനു, "എനിക്കു വേദനിക്കുന്നു; എന്നെ സഹായിക്കേണമേ!" എന്നുള്ളതായി കേൾക്കുവാൻ കഴിയണം. അയാൾ എന്നിട്ടു ശരിയായി പ്രതികരിക്കണം. ചില കാര്യങ്ങളിൽ, വാക്കുകൾ നിയന്ത്രിക്കാമെങ്കിലും, പ്രകടനങ്ങൾ ആഴത്തിലുള്ള കോപം കാണിച്ചേക്കാം. അപ്പോൾ, മൂപ്പൻ വികാരങ്ങൾക്കു പിന്നിലുള്ള വാക്കുകൾ തന്റേതെന്ന നിലയിൽ കൈകാര്യം ചെയ്യണം.

*നല്ല ശ്രോതാവു ശ്രദ്ധയോടെ പ്രതികരിക്കും.* മറ്റൊരാൾ പറഞ്ഞു തീർന്ന ശേഷം അദ്ധ്യക്ഷൻ മറുപടി പറയുമ്പോൾ ശ്രദ്ധിക്കണം. മുനയുള്ള ഉത്തരം, വിഡ്ഢിത്തം, ആക്രമണ രീതിയിലുള്ള എതിർപ്പു, അല്ലെങ്കിൽ മറ്റെ വ്യക്തി ബുദ്ധി ശൂന്യനോ അല്ലെങ്കിൽ ദുഷ്ടനോ എന്നു വരുത്തി തീർക്കുന്ന ഏതെങ്കിലും പ്രവൃത്തി ഒരുപക്ഷെ പിന്നീടുള്ള ആശയ വിനിമയം അസാധ്യമാക്കും. സംസാരിക്കുന്ന ആളുടെ വാക്കുകളിൽ അജ്ഞതയുള്ളതായി പ്രകടമായാൽ അല്ലെങ്കിൽ ദൈവ വഴി പിൻപറ്റുന്നതിൽ പരാജയപ്പെട്ടാൽ പോലും, അദ്ധ്യക്ഷൻ വിയോജിപ്പു പ്രകടമാക്കുന്ന പ്രതികരണം നൽകുന്നതിനു മുൻപു ചിന്തിക്കണം. പ്രശ്നത്തെ കൈകാര്യം ചെയ്യുവാൻ നല്ലതു വിവേകത്തോടെ സംസാരിക്കുകയാണ്.

സഭാദ്ധ്യക്ഷൻ നന്നായി ശ്രദ്ധിക്കുവാൻ പഠിച്ചില്ലെങ്കിൽ എന്തു സംഭവിക്കും? വ്യക്തികൾ അവരുടെ പ്രശ്നങ്ങളുമായി അവരുടെ അടുക്കൽ വരുമ്പോൾ അദ്ധ്യക്ഷനു വരുന്നവരുടെ ഭാഗത്തുനിന്നും പ്രശ്നങ്ങൾ കേൾക്കേണ്ടതുണ്ട്, അതിനുള്ള ക്ഷമ അദ്ധ്യക്ഷനു ഇല്ലെങ്കിൽ, അവർ പിൻവാങ്ങി മാറുവാൻ അതൊരു കാരണമാകും! അതായത്, ആളുകൾ പിന്നീട് അവരുടെ പ്രശ്നങ്ങളുമായി തന്റെ അടുക്കലേക്കു വരാതാകും! മറ്റുള്ളവർ തങ്ങളുടെ പ്രശ്നങ്ങൾ പങ്കിടുവാൻ അയാളുടെ അടുക്കൽ വരാതെയാകുമ്പോൾ, അയാൾക്കു നയിക്കുവാനുള്ള കഴിവു തടസ്സപ്പെടും.

## ചർച്ചാ നിപുണതകൾ

ചെറിയ സംഘങ്ങളായി ചർച്ച നടത്തുമ്പോൾ സഭാദ്ധ്യക്ഷന്മാർ പലപ്പോഴും എങ്ങനെ ആശയവിനിമയം നടത്തുന്നു എന്നതിനെ ആസ്പദമാക്കിയാണ് അവരുടെ വിജയം. അത്തരം ആശയവിനിമയാവസരങ്ങൾ

ഇടവകയിൽ ഇടയ്ക്കിടെ ഉണ്ടാകും - അതു മൂപ്പന്മാരുടെ മീറ്റിങ്ങുകളിൽ, മൂപ്പന്മാരും ശുശ്രൂഷകന്മാരും തമ്മിലുള്ള മീറ്റിങ്ങുകളിൽ, ബിസിനസ് മീറ്റിങ്ങുകളിൽ, കൂടാതെ സഭാ പ്രവൃത്തികളെ സംബന്ധിച്ചു ഒന്നോ അതിൽ കൂടുതലോ ചോദ്യങ്ങളെ ചർച്ച ചെയ്യുവാൻ വിളിക്കുന്ന പ്രത്യേക മീറ്റിങ്ങുകൾ ആയാലും ശരി.

### ചെറിയ സംഘങ്ങളിൽ എപ്പോഴാണ് അദ്ധ്യക്ഷന്മാർ ചർച്ച നടത്തുന്നത്?

ഈ രീതിയിലുള്ള ആശയ വിനിമയത്തിനു നേട്ടങ്ങൾ ഉണ്ടെങ്കിലും, ഒരു നിയമമായി, തിരുവെഴുത്തു സത്യം കണ്ടെത്തുവാൻ അല്ലെങ്കിൽ "ശരിയും" "തെറ്റും" വേർതിരിക്കുവാൻ പറ്റിയ വഴിയല്ല ചർച്ചകൾ. പ്രവൃത്തി ചെയ്യുവാനുള്ള "വഴികളും മാർഗ്ഗ നിർദ്ദേശങ്ങളും" വ്യക്തമാകുമ്പോഴാണ് ചർച്ചകൾ ഫലപ്രദമാകുന്നത്, തിരുവെഴുത്തു ലക്ഷ്യം നിറവേറുകയും ഇടവക അതിന്റെ കഴിവുകൾ എങ്ങനെ ലക്ഷ്യപ്രാപ്തിക്കു നടപ്പിലാക്കാമെന്നുള്ളതിൽ ചർച്ച കേന്ദ്രീകരിക്കയും ചെയ്യുമ്പോഴാണത്.

### ചെറിയ സംഘങ്ങളിൽ അദ്ധ്യക്ഷന്മാർ എന്തുകൊണ്ടു ചർച്ച നടത്തണം?

പ്രായോഗിക സൗകര്യങ്ങളുടെ വിഷയങ്ങളെ കൈകാര്യം ചെയ്യുന്ന രീതികളിൽ, ചെറിയ സംഘങ്ങളായി ചർച്ച ചെയ്യുന്നതു വിലയുള്ളതാണ്. അദ്ധ്യക്ഷന്മാർ ചെറിയ കൂട്ടവുമായി ചർച്ച ചെയ്യുവാൻ തയ്യാറാകുമ്പോൾ, ആ കൂട്ടത്തിലെ അംഗങ്ങൾക്കു തങ്ങൾ പ്രധാനപ്പെട്ടവരാണ് എന്നു ബോധ്യപ്പെടും. അവർ പങ്കാളിത്വ നേതൃത്വത്തിൽ ഇടപെടുന്നതു വളരെ ശ്ലാഘനീയം തന്നെ. ഭരണപരമായ തീരുമാനങ്ങൾ എന്നതിനേക്കാൾ ഇടവകയുടെ മൊത്തത്തിലുള്ള പ്രാതിനിധ്യവും പിന്തുണയുമാണ് ഇത്തരം ചർച്ചകളുടെ ഫലമായുണ്ടാകുന്ന തീരുമാനങ്ങളിൽ കാണാൻ കഴിയുന്നത് ഒരു ചർച്ചാവേദിയിൽ, അദ്ധ്യക്ഷന്മാർക്ക് അവരുടെ ആശയങ്ങൾ തുല്യമായി വിശദീകരിക്കാം. ഇടവകയുടെ മദ്ധ്യത്തിൽ നിന്നുകൊണ്ടു മൂപ്പന്മാർ പറയുമ്പോൾ അവർ ഇടവകയേക്കാൾ ഉയർന്നവരാണ് എന്നു സൂചിപ്പിക്കുന്നു. ഒരു മേലധികാരിയിൽ നിന്നെന്നപോലെ "മുകളിൽ നിന്നു കൈമാറി കിട്ടുന്നതായ," തീരുമാനങ്ങൾ ആളുകൾക്കിഷ്ടമല്ല. ഒരുപക്ഷെ, തങ്ങളെ തുല്യസ്ഥാനത്തു കരുതുകയും തങ്ങളെ ശ്രദ്ധിക്കയും ചെയ്യുന്ന അദ്ധ്യക്ഷന്മാരുടെ പ്രോത്സാഹനം അവർക്കു ലഭിച്ചേക്കാം.

### ചെറിയ സംഘങ്ങളിലെ ചർച്ച വിജയിക്കുവാൻ എന്താണ് അദ്ധ്യക്ഷന്മാർ ചെയ്യേണ്ടത്?

*ചർച്ചയുടെ ലക്ഷ്യം അദ്ധ്യക്ഷന്മാർ വിവരിക്കണം.* ഏതൊരു ചർച്ചക്കും ഒരു ലക്ഷ്യം വേണം - നേടുവാനായി ഒരു കാര്യമുണ്ടാകും. അതിൽ ഉൾപ്പെട്ടവർ അതു അറിയുകയും സ്വീകരിക്കയും വേണം. *സംഘത്തിനു ഒരുമിച്ചുള്ളതായ* ലക്ഷ്യം പൊതുവായ ഒരു കാര്യം നേടി എടുക്കുന്നതിനു ഏറ്റവും നല്ല വഴി കണ്ടെത്തുവാനായിരിക്കണം.

*അദ്ധ്യക്ഷന്മാർ നല്ല സ്വഭാവം വളർത്തണം.* ചർച്ചയിൽ നല്ല മനോഭാവം ഉണ്ടായിരിക്കയും ആ മനോഭാവത്തെ ഉത്സാഹിപ്പിക്കയും ചെയ്യണം. അതിനു അവരിൽ, ഒരു കാര്യം ആവശ്യമാണ്, ക്രിസ്തീയ പെരുമാറ്റം ചർച്ചയിൽ മാതൃകയാക്കണം. പരിഹാസ്യമോ, നിന്ദയോ, കുത്തുവാക്കുകളോ അരുത്. നല്ല മനോഭാവം ഓരോരുത്തരിലും ഉണ്ട് എങ്കിൽ കൂട്ടത്തിൽ അന്യോന്യം ബഹുമാനിക്കപ്പെടും; സംസാരിക്കുവാനുള്ള അവകാശം എല്ലാവർക്കും ഉണ്ട്, അതു ഭൂരിപക്ഷം യോജിച്ചാലും ഇല്ലെങ്കിലും.

*അദ്ധ്യക്ഷന്മാർ പങ്കെടുക്കലിനെ പ്രോത്സാഹിപ്പിക്കണം.* അവരുടെ ഉത്തരവാദിത്വമായി കാണേണ്ടത് അവർക്കു പറയുവാൻ സാധിച്ചു എന്നുറപ്പാക്കുന്നതിലല്ല ഓരോരുത്തരെയും സംസാരിക്കുവാൻ അനുവദിച്ചു എന്നുറപ്പാക്കുന്നതിലാണ്. ചർച്ച എന്നതു വാദമല്ല എന്നവർ മനസ്സിലാക്കണം. നീണ്ട പ്രസംഗം ക്രമത്തിലാകുകയില്ല, ഒരാൾ ചർച്ചയെ മേൽക്കോയ്മ നടത്തുന്നതും ശരിയല്ല.

*അദ്ധ്യക്ഷന്മാർ അഭിപ്രായ സമന്വയം കൊണ്ടുവരണം.* ഗ്രൂപ്പു ചർച്ചകളിൽ നയം തീരുമാനിക്കപ്പെടുമ്പോൾ, ഭൂരിപക്ഷവോട്ടിന്റെ അടിസ്ഥാനത്തിലല്ല, അഭിപ്രായ സമന്വയത്തിലാണ് എത്തേണ്ടത്. അത്തരം ഗ്രൂപ്പു ചർച്ചകളുടെ വിജയം വിട്ടുവീഴ്ച്ച ചെയ്യുവാനുള്ള മനസ്സുണ്ടാകുക, അല്ലെങ്കിൽ എല്ലാവർക്കും സ്വീകാര്യമായ ചില വഴി കണ്ടെത്തുക എന്നതാണ്.

*അദ്ധ്യക്ഷന്മാർ ശരിയായ നിപുണതകൾ വളർത്തിയെടുക്കേണ്ടതുണ്ട്.* ഒരു ചർച്ചയിൽ വിജയകരമായി പങ്കെടുക്കുവാൻ അദ്ധ്യക്ഷന്മാർക്ക് എന്തു നിപുണതകളാണ് വേണ്ടത്? വിലയേറിയ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് താഴെ കൊടുത്തിരിക്കുന്ന ലിസ്റ്റ്:

1. ചർച്ച ചൂടേറി ഘനപ്പെട്ടു അഭിപ്രായ ഒഴുക്കും ചിലപ്പോൾ ഗതി തങ്ങൾക്കെതിരായി വരുമ്പോഴും തുടർന്നും ക്രിസ്ത്യാനിയായി തന്നെ പെരുമാറുവാനുള്ള കഴിവു.
2. വിശ്വാസത്തിനും അഭിപ്രായത്തിനുമിടയിൽ - ക്രിസ്തീയ മതത്തിനു എന്താണ് ആവശ്യമായത് എന്താണ് ആവശ്യമല്ലാത്തത് എന്നു തിരിച്ചറിയുവാനുള്ള കഴിവും - രണ്ടാമത്തേതിൽ വിട്ടുവീഴ്ച്ച ചെയ്യാൻ തയ്യാറാകുമ്പോഴും ആദ്യത്തേതിൽ ഉറച്ചു നില്ക്കുവാനുള്ള കഴിവു.
3. മറ്റുള്ളവരുടെ താലന്തുകളെ, അവരുടെ കാഴ്ച്ചപ്പാടുകളെ ആത്മാർ ത്ഥമായി അഭിനന്ദിക്കുവാനും ആ വിഷയത്തെ കുറിച്ചു അവർക്കു പറയുവാനുള്ളതു കേൾക്കുവാൻ ആത്മാർത്ഥമായ ആഗ്രഹവും വേണം.
4. വൈമനസ്യമുള്ളവരേയും ലജ്ജയുള്ളവരേയും ചർച്ചയിലേക്കു കൊണ്ടു വരുവാനും, അങ്ങനെ ഓരോ അംഗത്തേയും കേൾക്കുന്നു എന്നു ആത്മാർത്ഥമായ കരുതൽ വേണം.
5. ഒരു നല്ല കളിയുടെ ബോധം - കേൾക്കുവാനുള്ള അവകാശം എല്ലാവർക്കും തുല്യമാണെന്ന് മനസ്സിലാക്കുന്നത് നല്ലതാണ്.
6. ധാരാളം ആളുകൾ ചേർന്നുള്ള ചർച്ചയാണ് സാധാരണ നല്ല

തീരുമാനങ്ങൾ എടുക്കുവാൻ സഹായകരം എന്ന വിശ്വാസം വേണം, മറിച്ച് ഒരു ചെറിയ ഗ്രൂപ്പോ വ്യക്തിയോ അല്ല.

7. ചുരുക്കമായി, എന്നാൽ വ്യക്തമായി, ചർച്ചയിലെ വസ്തുത അല്ലെങ്കിൽ ലക്ഷ്യം അവതരിപ്പിക്കുവാനുള്ള കഴിവു വേണം.
8. പറഞ്ഞതു, ശ്രദ്ധിച്ചു കേൾക്കുവാനും, മറ്റു വാക്കുകളിൽ അതാവർത്തിക്കുവാനും, ചുരുക്കി, വ്യക്തമായി മറ്റുള്ളവരോടു പറയുവാനും ഉള്ള കഴിവു വേണം.
9. ഭീഷണി - യില്ലാതെ, അധികാര സ്വരം - ഇല്ലാതെ, എന്നാൽ സ്വീ കാര്യമായ രീതിയിൽ ആശയങ്ങൾ, ചുരുക്കമായി അവതരിപ്പിക്കുവാനുള്ള കഴിവു.
10. പ്രശ്നങ്ങൾ ഉന്നയിച്ചവരുടെ വീക്ഷണത്തിൽ മാത്രമല്ല, നിർദ്ദേശങ്ങളിലും - അവരുടെ ബലഹീനതകളും പ്രശ്നങ്ങളും കാണുവാൻ കഴിയണം.
11. ചർച്ച ഒരേ നിലയിൽ ലക്ഷ്യത്തിലേക്കു കൊണ്ടുപോകുവാനും - ഒരു പക്ഷെ അതുവരെ ചർച്ച ചെയ്തതു ചുരുക്കി പറയുവാനും, എന്തു അഭിപ്രായ സമന്വയത്തിലാണ് എത്തിയതെന്നും, ആ സമയത്തു യോജിക്കുവാൻ കഴിയാത്തതെന്തെന്നും, അടുത്ത ചർച്ച എവിടെ ആരംഭിക്കണം എന്നെല്ലാം നിർദ്ദേശിക്കുവാനുള്ള കഴിവു.
12. ചർച്ച അവസാനിപ്പിക്കുവാനുള്ള കഴിവു: ചർച്ച നടക്കുമ്പോൾ "ഏതാണ്ട് എത്രത്തോളം അതു പോകണം," എന്നു മനസ്സിലാക്കുവാനും/അല്ലെങ്കിൽ അഭിപ്രായ സമന്വയത്തിലെത്തുമ്പോൾ, എന്തു നേട്ടമുണ്ടാക്കാൻ കഴിഞ്ഞു എന്നും അല്ലെങ്കിൽ തൃപ്തികരമായ സമാപന രീതിയിൽ സമന്വയത്തെ അവതരിപ്പിക്കുവാൻ കഴിയണം.

## പരസ്യമായ ആശയവിനിമയ നിപുണതകൾ

സഭാദ്ധ്യക്ഷന്മാർ നന്നായി കേൾക്കുന്നവരും ചെറിയ ഗ്രൂപ്പുകളായി നയങ്ങൾ ചർച്ചചെയ്യുന്നവരും, അതേ സമയം ഇടവകയോടു നന്നായി ആശയവിനിമയം നടത്തുന്നവരുമായിരിക്കണം, അതു വാക്കുകളാലും എഴുത്തുകളാലും ആകാം.

### ആശയവിനിമയ അളവു

*പരസ്യമായ ആശയവിനിമയം ഇടയ്ക്കിടെ ആവശ്യമാണ്.* ആശയവിനിമയത്തിന്റെ അളവു ഉയർന്നതാകണം. നേതൃത്വത്തിൽ തുറന്ന സമർപ്പണം ഉണ്ടായാൽ അതു സഭാംഗങ്ങൾ എപ്പോഴും "അറിയുവാൻ" ഇടയാകുന്നുണ്ടോ എന്നു അദ്ധ്യക്ഷന്മാർക്ക് തീർച്ചപ്പെടുത്തുവാൻ സഹായിക്കും. ഒരു മൂപ്പൻ പറഞ്ഞത് താൻ പ്രവൃത്തി ചെയ്ത ഇടവകയിലെ മൂപ്പന്മാർ ഒരു കാര്യത്തെ സംബന്ധിച്ചു ഇടവകയിൽ ചുരുങ്ങിയതു അഞ്ചു പ്രാവശ്യമെങ്കിലും പറഞ്ഞിട്ടില്ലെങ്കിൽ ആ കാര്യം പറഞ്ഞിട്ടില്ല എന്നു കരുതും എന്നാണ്.

എല്ലാ ആശയവിനിമയവും "പരസ്യ" മായിരിക്കരുത്. മൂപ്പന്മാരുടെ

നിർവ്വഹണത്തിൽ ഉപയോഗിക്കുവാൻ കഴിയുന്ന അസംഖ്യം മാർഗ്ഗങ്ങൾ ഉണ്ട്:

1. ഏതു സമയത്തും ഒരു ഗ്രൂപ്പായിട്ടോ വ്യക്തിപരമായിട്ടോ മൂപ്പന്മാരോടു സംസാരിക്കുവാൻ ഒരു തുറന്ന ക്ഷണം ഉണ്ടാകണം.
2. അംഗീകരിച്ച കാര്യം അറിയിക്കുന്നതിനു അംഗങ്ങളുടെ യോഗം വിളിക്കാം, ചോദ്യങ്ങൾ ചോദിക്കാൻ അവർക്ക് ഒരവസരം നൽകണം, പരിഗണിച്ച കാര്യങ്ങളെ കുറിച്ചു അവരുടെ പ്രതികരണം ആവശ്യപ്പെടണം, കൂടാതെ അവരുടെ നിർദ്ദേശങ്ങൾ ചോദിക്കണം.
3. അദ്ധ്യക്ഷന്മാർ നടത്തിയ അവരുടെ തന്നെ, പരസ്യ പ്രഖ്യാപനങ്ങൾ നൽകണം.
4. സഭാ വാർത്താ കുറിപ്പുകൾ.
5. അംഗങ്ങൾക്കു എഴുത്തുകൾ.
6. കമ്മിറ്റി റിപ്പോർട്ടുകൾ, ഖജാൻജിയുടെ റിപ്പോർട്ടുകൾ, ബിസിനസ് മീറ്റിങ്ങ് മിനിറ്റ്സ്, തുടങ്ങിയവയുടെ കോപ്പികൾ.
7. മുഖ്യ പരിപാടികൾ വരുമ്പോൾ പ്രത്യേക പ്രസിദ്ധീകരണം (ഉദാഹരണമായി, ഒരു കെട്ടിടം പണി) പരിഗണിക്കാം - ഉദാഹരണമായി, വിശദീകരണങ്ങൾ പ്രോത്സാഹനപരമായിട്ടല്ല, വാസ്തവപരമായി നൽകുവാൻ മൂപ്പന്മാർ തയ്യാറാക്കിയ ഒരു നോട്ടീസ്, അല്ലെങ്കിൽ ഒരു ലഘുലേഖ നൽകണം.
8. അംഗങ്ങളുമായി വ്യക്തിബന്ധം പുലർത്തുന്ന സന്ദർശനം നടത്തുക, അതു മൂപ്പന്മാർക്കു അവരെ കൂടുതൽ അടുത്തറിയുവാൻ സാഹചര്യം ഒരുക്കുക മാത്രമല്ല, അംഗങ്ങൾക്കു ചോദ്യങ്ങൾ ചോദിക്കുവാൻ അവസരം നല്കുകയും വേണം.

**ആശയവിനിമയത്തിന്റെ ഗുണം**

*പരസ്യമായ ആശയവിനിമയം കഴിവതും ക്രിയാത്മകമായിരിക്കണം* (തീർച്ചയായും, അതെല്ലായ്പ്പോഴും ക്രിയാത്മകമായിരിക്കുവാൻ സാധ്യമല്ല). ആശയവിനിമയത്തിന്റെ ഗുണവും പ്രധാനമാണ്.

സാധാരണ, എന്തെങ്കിലും പറയുവാൻ രണ്ടു വഴികൾ ഉണ്ട് - ക്രിയാത്മകമായും നിഷേധകമായും (ഉദാ., "കപ്പു പകുതി കാലിയായിരിക്കും" അല്ലെങ്കിൽ "കപ്പു പകുതി നിറഞ്ഞിരിക്കും"). മൂപ്പന്മാർ, കഴിവതും, തിരഞ്ഞെടുക്കേണ്ടതു ക്രിയാത്മക വഴികളാണ്. ഒരു പഴഞ്ചൊല്ലു സൂചിപ്പിക്കുന്നതു, "ഒരാളെ കുറിച്ചു നിങ്ങൾക്ക് നല്ലതൊന്നും പറയുവാനില്ലെങ്കിൽ, അയാളെ കുറിച്ചു ഒന്നും പറയാതിരിക്കൂ." സഭയെ സംബന്ധിച്ചുള്ള പരസ്യ പ്രഖ്യാപനങ്ങളെ കുറിച്ചു നല്ല നയം അതാണ്. നിഷേധ പ്രഖ്യാപനങ്ങൾ നിരന്തരമായുണ്ടായാൽ "ഹൃദയ പുകച്ചിൽ" ഉണ്ടാവുകയും അവസാനം ആത്മിയ പോഷകാഹാരക്കുറവു കൊണ്ടു രോഗവുമുണ്ടാകും. ഒരേ സാഹചര്യത്തെ ക്രിയാത്മകമായും നിഷേധമായും പ്രതികരിക്കുന്നത്, താഴെ ചാർട്ടിൽ കൊടുത്തിരിക്കുന്നതു താരതമ്യപ്പെടുത്തുക.

സഭാദ്ധ്യക്ഷന്മാർ പൗലൊസിൽ നിന്നു ഒരു പാഠം പഠിക്കണം, അവൻ എഴുതിയ സഭകളിലെ പ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്നതിൽ ഒരിക്കലും പരാജയപ്പെട്ടിരുന്നില്ല, എന്നാൽ അവന്റെ സഭകളിലേക്കുള്ള ലേഖനങ്ങൾ ആരംഭിക്കുന്നതു തന്നെ, ക്രിയാത്മകമായിട്ടാണ് ''ഞാൻ നിങ്ങൾ നിമിത്തം എന്റെ ദൈവത്തിനു സ്തോത്രം ചെയ്യുന്നു ...'' (നോക്കുക റോമർ 1:8; 1 കൊരിന്ത്യർ 1:4; ഫിലിപ്പിയർ 1:3; കൊലൊസ്യർ 1:3; 1 തെസലൊനിക്യർ 1:2; 2 തെസലൊനിക്യർ 1:3).

**ഉപസംഹാരം**

നേതൃത്വം വിജയിക്കുവാനുള്ള മുഖ്യ കാര്യങ്ങളിൽ ഒന്നു ഫലപ്രദമായ ആശയവിനിമയമാണ്. അബ്രഹാം ലിങ്കൺ, ഫ്രാങ്ക്ലിൻ ഡി. റൂസ്‌വെൽട്ട്, വിൻസ്റ്റൺ ചർച്ചിൽ എന്നിവർ വലിയ നായകന്മാരായിട്ടാണ് അറിയപ്പെടുന്നത്, അവർ ഓരോരുത്തരും ആശയ വിനിമയ പാടവം ഉള്ളവരായിരുന്നു. യേശു വലിയൊരു നായകൻ ആയിരുന്നു, ഭാഗികമായി, അതിനുള്ള കാരണം അവന്റെ ആശയവിനിമയ പാടവം ആയിരുന്നു. "ദൈവത്തിൽ നിന്നു വന്ന ഉപദേഷ്ടാവു" എന്നാണ് അവൻ അറിയപ്പെട്ടത് (യോഹന്നാൻ 3:2; ആർഎസ്‌വി). അവനെ പിടിക്കുവാൻ പോയ ഉദ്യോഗസ്ഥന്മാർ തിരിച്ചുവന്നു പറഞ്ഞു, "അവൻ സംസാരിച്ചതു ആരും ഇന്നേവരെ സംസാരിച്ചിട്ടില്ല!" (യോഹന്നാൻ 7:46; ആർഎസ്‌വി).

അതുപോലെ, സഭാദ്ധ്യക്ഷന്മാർ ഫലപ്രദമായി ആശയവിനിമയം നടത്തണം - അതിനു അവർ നന്നായി ശ്രദ്ധിക്കണം, ഫലപ്രദമായ ഗ്രൂപ്പു ചർച്ചയിൽ അവർ സജീവമായി പങ്കെടുക്കണം, അംഗങ്ങളുമായി ഇടക്കിടക്ക് പരസ്യ ആശയവിനിമയം ഉറപ്പുവരുത്തണം കൂടാതെ, ഒരു നിയമമായി, അതു ക്രിയാത്മകമായിരിക്കണം. ഈ ആശയവിനിമയ പാടവത്തിൽ ശ്രദ്ധിച്ചില്ലെങ്കിൽ, സഭാദ്ധ്യക്ഷന്മാർ വളരെ നല്ലവരായി തോന്നാം, എന്നാലും ഫലപ്രദമായ അദ്ധ്യക്ഷന്മാരാകുവാൻ സാധ്യമല്ല.

സമൂഹത്തിൽ ആർക്കാണ് ശക്തി എന്നു തീരുമാനിക്കുവാൻ ഒരാൾ ശ്രമിച്ചതായി ഞാൻ വായിക്കുകയുണ്ടായി. ഞാൻ ഓർമ്മിക്കുന്നതു, അയാൾ "ചെയ്യുന്നവർ" - നിക്ഷേപകർ, എഞ്ചിനീയർമാർ, കൂടാതെ ഡോക്ടർമാർ - ആണോ അല്ലെങ്കിൽ "സംസാരിക്കുന്നവർ" ആണോ കൂടുതൽ സ്വാധീനമുള്ളവർ എന്നു അതിശയിച്ചു. സുദീർഘമായ പരിശോധനകൾക്കുശേഷം, വലിയ മാർജിനോടു കൂടി, "സംസാരിക്കുന്നവർ" കൂടുതൽ സ്വാധീനം ഉള്ളവരാണ്, എന്നു തീർച്ചപ്പെടുത്തി. സമൂഹത്തെ നയിക്കുവാൻ ഒരാൾക്ക് കഴിയുവാൻ, അയാൾ ആശയവിനിമയം നടത്തുവാൻ കഴിവുള്ളവനാകണം. അതുപോലെ, ഒരാൾ സഭയെ നയിക്കുവാനും, ആശയവിനിമയ പാടവം അയാൾ വളർത്തിയെടുക്കണം. സ്വന്തസ്വഭാവം കൂടാതെ, സഭയെ നയിക്കുവാൻ ഏറ്റവും പ്രധാനപ്പെട്ട ഉപകരണം ഇതാണ്.

## ഇടവകാപരമായ സാഹചര്യങ്ങളെ സംബോധന ചെയ്യുന്ന വഴികൾ

| *നിഷേധം* | *ക്രിയാത്മകം* |
| --- | --- |
| 1. "ഞങ്ങൾക്കു പ്രശ്നമുണ്ട്." | "ഞങ്ങൾക്ക് വെല്ലുവിളിയുണ്ട്." |
| 2. "ബഡ്ജറ്റിനു ആവശ്യമുള്ളതിന്റെ ശരാശരി പകുതിയെ ഞങ്ങളുടെ നൽകൽ ആകുന്നുള്ളൂ." | "ഞങ്ങളുടെ ബഡ്ജറ്റിലേക്കു ഞങ്ങൾ പകുതിവഴി എത്തി!" |
| 3. "ഞങ്ങളുടെ ചില അംഗങ്ങൾ അവിശ്വസ്തരാണ്." | "ഞങ്ങളുടെ അംഗങ്ങളിൽ ഭൂരിഭാഗവും വിശ്വസ്തരാണ്!" |
| 4. "ഞങ്ങൾ ചെയ്യേണ്ടതു ചെയ്യുന്നില്ല." | "ഞങ്ങൾ വളരുന്നു എന്ന് എനിക്കുറപ്പുണ്ട് ഇനിയും വളരും." |
| 5. "ഞങ്ങൾക്കു കൂടുതൽ ഉപദേഷ്ടാക്കന്മാർ വേണം." | "ഞങ്ങൾക്കു എല്ലാ പ്രായക്കാർക്കും നല്ല ക്ലാസുകളുള്ള ബൈബിൾ സ്കൂൾ പ്രോഗ്രാം ഉണ്ട്, ഓരോ ക്ലാസിനും ഞങ്ങൾ ഓരോ അദ്ധ്യാപകനെ കണ്ടെത്തും." |
| 6. "കഴിഞ്ഞ രാത്രിയിലെ സന്ദർശനത്തിനു ആറുപേർ മാത്രമെ വന്നുള്ളൂ." | "ആറുപേർ - യേശു തിരഞ്ഞെടുത്ത അപ്പൊസ്തലന്മാരുടെ സംഖ്യയിൽ പകുതി - കഴിഞ്ഞ രാത്രിയിൽ സന്ദർശനം നടത്തി." |
| 7. നമുക്കു സന്ദർശകർ ആരെങ്കിലും ഉണ്ടെങ്കിൽ, നിങ്ങൾ വന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു." | "എല്ലാ സന്ദർശകരെയും ഞങ്ങൾ സ്വാഗതം ചെയ്യുന്നു." അല്ലെങ്കിൽ: "നിങ്ങൾ ഞങ്ങളെ സന്ദർശിക്കുകയാണെങ്കിൽ, നിങ്ങൾ വന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു, വീണ്ടും വരുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു." |
| 8. "ഇന്നു രാത്രിയിലെ ഞങ്ങളുടെ ഹാജർ മോശമാണ്." | "നിങ്ങൾ ഇവിടെ വന്നതിൽ ഞങ്ങൾ നന്ദിയുള്ളവരാണ്." |
| 9. "പണം ചോദിക്കുവാൻ വീണ്ടും നിങ്ങളുടെ മുൻപിൽ വരുവാൻ എനിക്കു മനസ്സില്ല." | "ഞങ്ങളുടെ സ്നേഹം കാണിക്കുവാൻ ഞങ്ങൾക്കു വേറെ അവസരമുണ്ട് അതു ഞങ്ങളിൽ ഭരമേല്പിച്ചിരിക്കുന്നതു തിരിച്ചു ക്രിസ്തുവിനു നല്കിക്കൊണ്ടാണ്." |

© 2009 Truth for Today